**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1188** — **30.01.2018-ൽ മറുപടിക്ക്**

**കരമന - കളിയിക്കാവിള നാലുവരി പാത**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>,, കെ.എസ്.ശബരീനാഥൻ<br>,, എം. വിൻസെന്റ്<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കരമന - കളിയിക്കാവിള റോഡ് നാലുവരി പാതയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള ഭാഗത്തിന്റെ പണി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) കരമന — കളിയിക്കാവിള റോഡ് നാലുവരിപ്പാതയാക്കുന്ന ഒന്നാം ഘട്ടത്തിലെ രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ ആണ്. ഈ ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് ഉത്തരവ് നമ്പർ 31/കിഫ്ബി/2016 തീയതി 08/05/2017 അനുസരിച്ച് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള വിശദമായ പദ്ധതി രൂപരേഖ സാങ്കേതികാനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഒന്നാം റീച്ചിന്റെ പണി സമയബന്ധിതമായി പൂർത്തീകരിച്ചിരുന്നോ; | (ബി) കരമന — കളിയിക്കാവിള റോഡ് നാലുവരിപ്പാത - ഒന്നാം ഘട്ടം ഒന്നാം റീച്ച് കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള റോഡ് നിർമ്മാണം 2016-ൽ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) രണ്ടാം റീച്ചിന്റെ പുതിയ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ; | (സി) കരമന — കളിയിക്കാവിള റോഡ് നാലുവരിപ്പാതയാക്കുന്ന ഒന്നാം ഘട്ടം രണ്ടാം റീച്ചിന്റെ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള നിർമ്മാണ പ്രവർത്തനത്തിനായുള്ള പുതിയ പ്രോജക്ട് റിപ്പോർട്ട് സാങ്കേതികാനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കിഫ്ബിയിൽ നിന്നും ഈ ഘട്ടത്തിനായി തുക അനുവദിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (ഡി) | കരമന — കളിയിക്കാവിള റോഡ് ഒന്നാം ഘട്ടം രണ്ടാം റീച്ചിന്റെ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് ഉത്തരവ് നമ്പർ 31/കിഫ്ബി/2016 തീയതി 08/05/2017 അനുസരിച്ച് അനുമതി ലഭിച്ചിട്ടുണ്ട്. |
| (ഇ) | പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള ഭാഗത്തിന്റെ ടെൻഡർ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് റോഡിന്റെ പണി സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള 5 കി.മീ ഭാഗത്തിന്റെ ടെണ്ടർ നടപടികൾ 2018 ഫെബ്രുവരി മാസം ആദ്യവാരത്തോടെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ